TB Movie Panel Weekly Review

**#MoviePanel**

ജയ ജയ ജയ ജയ ഹേ (2022)

എഴുതിയത് : Sajan Ramanandan

ഹൗസ്ഫുള്ളായ തിയറ്ററിൽ ഇരുന്ന് ഏറെക്കുറെ എല്ലാവർക്കും ഉറക്കെ പൊട്ടിച്ചിരിക്കുന്നത് കേൾക്കുന്നത് നല്ലൊരു എക്സ്പീരിയൻസ് ആണ്. എനിക്ക് സാധാരണ ചെറിയ ചില കോമഡി കിട്ടിയാലും ഉറക്കെ ചിരിക്കുന്ന പതിവുണ്ട്, അത് കാരണം കൂടെയുള്ളവർ മിണ്ടാതിരിക്കാൻ പറയാറുമുണ്ട്. ഇതിപ്പോ മൊത്തം ആളുകളും ഉച്ചത്തിൽ ചിരിയായത് കൊണ്ട് ഞാൻ രക്ഷപെട്ടു. കഥാപാത്രങ്ങൾ അങ്ങേയറ്റം toxic ആയ കാര്യങ്ങൾ സ്ക്രീനിൽ അവതരിപ്പിക്കുമ്പോഴും തുടക്കം മുതൽ അവസാനം വരെ ചിരിപ്പിക്കാൻ ഒരു സിനിമയ്ക്ക് സാധിക്കുക. ടൈറ്റിൽ കഥാപത്രമായി (ജയയുടെ ജയമാണല്ലോ ഹേ!), ദർശന തകർത്തു. മുമ്പും ഇത്തരം intense കഥാപാത്രങ്ങൾ ദർശന അനായാസം അവതരിപ്പിച്ചുണ്ട്, എങ്കിലും ഇതിൽ ഹ്യൂമർ കൈകാര്യം ചെയ്യുന്ന രീതി മികച്ച അനുഭവമായി. ബേസിൽ ആദ്യമായാണ് പേടി തോന്നിപ്പിക്കുന്ന രീതിയിൽ ഒരു കഥാപാത്രം അവതരിപ്പിക്കുന്നത്. എന്റെ നാല് വയസ്സുകാരൻ, ഹൊറർ പടം കണ്ടത് പോലെ പേടിയാകുന്നു എന്ന് പറഞ്ഞ് അമ്മയുടെ മടിയിലേയ്ക്ക് സ്ഥാനം മാറ്റി. പിന്നീട് ടിപ്പിക്കൽ ബേസിൽ ടെംപ്ളേറ്റിലേയ്ക്ക് ഒതുങ്ങുകയും ചെയ്യുന്നുണ്ട് രാജേഷ്. ആനന്ദ് മൻമഥൻ, ജയനായി മികച്ചു നിന്നു. സിനിമയിൽ വളരെ നല്ല character arc ഉള്ള കഥാപാത്രം ആയിരുന്നു ജയന്റേത്. രാജേഷിന്റെ അമ്മയായി വന്ന നടി (കനകം?) ഗംഭീരം ആയിരുന്നു. ശീതൾ, അസീസ് നെടുമങ്ങാട്, അജു വർഗീസ്, മഞ്ജു പിള്ള എല്ലാവരും കലക്കി. നമ്മുടെ talented bankers സുഹൃത്തായ അഭിലാഷ് കൃഷ്ണൻ കുട്ടി ആ വാട്സാപ്പ് റിയാക്ഷൻ വീഡിയോകളിൽ ഒന്നിൽ അഭിനേതാവായി എത്തുന്നുണ്ട്. നിങ്ങളുടെ മുഖം സർപ്രൈസ് തന്നു, ഒരുപാട് സന്തോഷം. ശ്രദ്ധേയമായ വേഷങ്ങൾ തേടിയെത്തട്ടെ ബ്രോ.

സംവിധായകൻ വിപിൻ ദാസിന്റെ മൂന്ന് സിനിമകൾക്കും ഒരു whacky nature ഉള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. മുദ്ധുഗവ്വു, അന്താക്ഷരി എന്നിവയുടെ ബേസിക് തീമുകളിൽ അത് പ്രകടമായിരുന്നു. ഓരോ സിനിമകളും കഴിയുമ്പോൾ കൂടുതൽ കയ്യടക്കം സംവിധായകന് കൈവന്നിട്ടുണ്ട്. അന്താക്ഷരി എനിക്ക് വ്യക്തിപരമായി ഇഷ്ടപ്പെട്ടതാണ്. Gender Politics എന്ന ശക്തമായ, പ്രസക്തമായ വിഷയം അതിന്റെ മൂർച്ചയോടെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് ജയ ജയ ജയ ജയ ഹേ യിൽ. സിനിമയുടെ ടൈറ്റിൽ ഡിസൈനിൽ ഉൾപ്പടെ സിനിമയുടെ പല പ്രധാന സംഗതികളും കൺവെട്ടത്ത് തന്നെ ഒളിപ്പിച്ചു വച്ചിട്ടുണ്ട്. സിനിമ

കൈകാര്യം ചെയ്യുന്ന തീമിന്റെ paradox അവതരിപ്പിച്ചു കൊണ്ടാണ് സിനിമ ആരംഭിക്കുന്നത്. സിനിമയുടെ ട്രൈലെർ കണ്ട് പ്രതീക്ഷിച്ചതിൽ നിന്നും നേരേ ഉൾട്ടാ കണ്ട് അമ്പരന്നാണ് തുടങ്ങിയത്. സാധാരണ ത്രില്ലർ പടങ്ങളിൽ കാണുന്ന red herring പോലെ ഇത്തരം രണ്ടു മൂന്ന് സീക്വൻസുകൾ ഉണ്ടായിരുന്നു. അതെല്ലാം ആളുകളെ ചിരിപ്പിക്കുന്നുമുണ്ടായിരുന്നു. അജു വർഗീസിന്റെ മാഷും, മഞ്ജു പിള്ളയുടെ ന്യായാധിപയും മികച്ച പ്രകടനങ്ങളായി അനുഭവപ്പെട്ടു.

ജയയുടെ വിവാഹജീവിതത്തിലെ കഷ്ടപ്പാടുകൾ തിയറ്ററിൽ കൂട്ടച്ചിരിയുണർത്തുന്ന ആദ്യത്തെ കുറച്ചു നേരം എനിക്ക് ചിരിക്കാൻ സാധിക്കാതെ വന്നിരുന്നു. ആ പെൺകുട്ടി ശരിക്കും അനുഭവിക്കുന്ന സിറ്റുവേഷൻ എത്ര ഭീകരമാണെന്ന ചിന്ത എനിക്ക് വല്ലാത്തൊരു വീർപ്പുമുട്ടൽ നൽകുകയായിരുന്നു. ചിരി വരുമ്പോൾ എല്ലാം ഒരു കുറ്റബോധം പോലെ. അതുകൊണ്ടാണോ എന്നറിയില്ല ജയയുടെ ജീവിതത്തിൽ ഉറച്ച കാൽച്ചുവടൊന്നു വന്നപ്പോൾ ഞാൻ അർത്തു ചിരിച്ചത്.

റിലീസിന് മുമ്പ് സിനിമയ്ക്ക് ഹൈപ്പ് നൽകാൻ ഏറ്റവും സഹായിച്ചിട്ടുള്ളത് സിനിമയിലെ പാട്ടുകൾ ആണെന്ന് തോന്നുന്നു. അങ്കിത് മേനോൻ ആണ് സംഗീതം. എന്താണിത് എങ്ങോട്ടിത് എന്ന വൈക്കം വിജയലക്ഷ്മി ഗാനവും, ജയ ഹേ തീം സോങ്ങും ആദ്യം തന്നെ ട്രെൻഡിംഗ് ആയിരുന്നു. റിലീസിന് ശേഷം ഇങ്ങോട്ട് നോക്കണ്ടാ കണ്ണുകളെ, കാട്ടി തരാം, പെണ്ണേ പെണ്ണേ പെൺകിടാത്തീ തുടങ്ങിയ മറ്റ് ഗാനങ്ങളും ഹിറ്റ് ചാർട്ടുകളിൽ ഇടം നേടി. മനു മഞ്ജിത്, വിനായക് ശശികുമാർ, ശബരീഷ് വർമ്മ എന്നിവരാണ് ഗാനരചന.

ബബ്ലൂ അജു ആണ് ക്യാമറ വിഭാഗം കൈകാര്യം ചെയ്തത്. എഡിറ്റ് ജോൺകുട്ടി, ആർട്ട് ബാബു പിള്ള, വസ്ത്രാലങ്കാരം അശ്വതി ജയകുമാർ, മേക്കപ്പ് സുധി സുരേന്ദ്രൻ, സൗണ്ട് മിക്സ് രാജാകൃഷ്ണൻ എം ആർ. ആക്ഷൻ ഡയറക്ടർ ഫെലിക്സ് ഫുകുയോഷി. നിർമ്മാണം ഗണേഷ് മേനോൻ, ലക്ഷ്മി വാരിയർ. സഹ നിർമ്മാതാവ് അമൽ പോൾസൺ. കോ - റൈറ്റർ നഷിദ് മുഹമ്മദ്.

നല്ലൊരു കോമഡി സിനിമ ഇറങ്ങാൻ കൊതിച്ചിരിക്കുകയാണ് പ്രേക്ഷകർ എല്ലാവരും. നിറഞ്ഞ തീയേറ്ററുകൾ അതാണ് പ്രകടമാക്കുന്നത്. മലയാളം സിനിമ വളരെയധികം മികവുറ്റ കോമഡികൾ സമ്മാനിച്ചിട്ടുള്ളതുമാണ്. ഇരുപത് കോടി രൂപയോളം ഇതു വരെ സിനിമയ്ക്ക് നേടാനായി. ശക്തമായ ഒരു വിഷയം കൈകാര്യം ചെയ്തു കൊണ്ട് പൊട്ടിച്ചിരിപ്പിക്കുകയും ഒടുവിൽ നല്ലൊരു ക്ലൈമാക്സിൽ കൊണ്ട് നിറുത്തുകയും ചെയ്തു എന്നതാണ് ജയ ജയ ജയ ജയ ഹേ യുടെ മികവ്. പറയാൻ ശ്രമിച്ച വിഷയം ഒരു കോമഡി മാത്രമായി ആളുകളുടെ മനസ്സിൽ ഇടം പിടിക്കാതെ പോകുമെന്ന് കൂടി പ്രത്യാശിക്കുന്നു.